**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**
**നം. 5670**

**02.07.2019-ൽ മറുപടിയ്ക്ക്**

**കലാഭവൻ മണി സ്മാരകം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| അനശ്വര നടൻ കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കലാഭവൻ മണിയുടെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. മേൽ പദ്ധതി കേരള ഫോക് ലോർ അക്കാദമി മുഖാന്തിരം നടപ്പിലാക്കുന്നതിനായി 31/03/2017-ലെ സ.ഉ(സാധാ)നം. 288/2017/സാം.കാ.വ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കി വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കേരള ഫോക് ലോർ അക്കാദമിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായുള്ള അനുയോജ്യമായ സ്ഥലം ചാലക്കുടിയിൽ കണ്ടെത്തി സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്ക് സ്ഥലം അടിസ്ഥാന സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് മേൽ പദ്ധതിയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ